**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1439

13.06.2014 ലെ
മറുപടിയ്ക്ക്

എം. എസ്.ഡ ി. പി. യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>'' അൻവർ സാദത്ത്<br>'' ഡൊമിനിക് പ്രസന്റേഷൻ<br>'' കെ. ശിവദാസൻ നായർ | | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | എം. എസ്". ഡ ി. പ ി. യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) | സാമൂഹികം, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ സൂചകങ്ങളിൽ ദേശീയ ശരാശരിയേക്കാൾ പിന്നാക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയുമാണ് എം.എസ്.ഡി.പി.യുടെ ലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പാക്കുന്നത്. പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വയനാട് ജില്ലയിൽ 1869.805 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിക്കപ്പെട്ടിരുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വയനാട് ജില്ലയിൽ അനുവദിക്കപ്പെട്ടിട്ടുള്ള 2430.01 ലക്ഷം രൂപയുടെ പദ്ധതികൾക്കായി ആകെ 1815.02 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കും. ഇതിൽ ഒന്നാം ഗഡുവായി 907.52 ലക്ഷം രൂപ വയനാട് ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലേക്കായി 249.98 ലക്ഷം രൂപയുടെ പദ്ധതിക്കായി 187.5 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കും. ഇതിൽ ഒന്നാം ഗഡുവായി 93.75 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ, സംസ്ഥാന വിഹിതം ഉൾപ്പെടെ 124.39 ലക്ഷം രൂപ മലപ്പുറം ജില്ലാ കളക്ടർക്കും കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) | വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ, പനമരം എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമായാണ് 12-ാം പദ്ധതിയിൽ എം.എസ്.ഡി.പി നടപ്പിലാക്കുന്നത്. |
| (ഡി) | എം. എസ്. ഡി . പി. നടപ്പാക്കുന്നതിൽ എന്തെല്ലാം പുരോഗതിയാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ വയനാട് ജില്ലയ്ക്ക് ലഭിച്ച 2563.475 ലക്ഷം രൂപ (1869.805 ലക്ഷം രൂപ കേന്ദ്രവിഹിതം) യിൽ 1971.7918 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതികൾ പൂർത്തീകരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ ഐ.ടി എനേബിൾഡ് സെൽ സ്ഥാപിക്കുന്നതിന് ലഭിച്ച 5,18,000/- രൂപയിൽ 3,82,967/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പദ്ധതി | കിട്ടിയ തുക (രൂ. ലക്ഷം) | ചെലവഴിച്ച തുക (രൂ.ലക്ഷം) | റിമാർക്സ് |
|---|---|---|---|---|
| 1 | പത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 180 | 180 | പൂർത്തീകരിച്ചു |
| 2 | 23 സർക്കാർ സ്കൂളുകളിലായി 38 അധിക ക്ലാസ് മുറികളുടെ നിർമ്മാണം | 423.29 | 423.29 | പൂർത്തീകരിച്ചു |
| 3 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ പാടിച്ചിറ വില്ലേജിലേയ്ക്കുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 700 | 700 | പൂർത്തീകരിച്ചു |
| 4 | പൂതാടി ഗ്രാമ പഞ്ചായത്തിലെ നടവയൽ വില്ലേജിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 250 | 250 | പൂർത്തീകരിച്ചു |
| 5 | പടിഞ്ഞാറേത്തറ ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറേത്തറ, കുപ്പാടിത്തറ വില്ലേജുകളിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 430 | 376.25 | പൂർത്തീകരിച്ചു |
| 6 | മേപ്പാടി ഗവ.പോളിടെക്നിക് കോളേജിലെ ലാബോറട്ടറികളുടെ നവീകരണം | 75 | 75 | പൂർത്തീകരിച്ചു |
| 7 | ജില്ലാ ആസ്ഥാനത്തെ ഐ.റ്റി. എനേബിൾഡ് സെൽ | 5.19 | 4.32 | ഐ.ടിസെൽ കള്കടറേറ്റിൽ പ്രവർത്തിച്ചു വരുന്നു |
| 8 | സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണം | 500 | ഇല്ല | പി.ഡബ്ല്യു.ഡി മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| | ആകെ | **2563.48** | **1971.79** | |
| 9 | ഡയറക്ടറേറ്റിൽ ഐ.ടി.എനേബിൾഡ് സെൽ | 5.18 | 3.83 | പൂർത്തീകരിച്ചു |
| | ആകെ | **2568.66** | **1975.62** | |

സെക്ഷൻ ഓഫീസർ